**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2838** | **13-03-2020 ൽ മറുപടിക്ക്**

**പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. ബി.സത്യൻ<br>ശ്രീ.കെ.യു. ജനീഷ് കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വിവിധ സംഘടനകളും സ്ഥാപനങ്ങളും പല ആവശ്യങ്ങൾക്കായി പാട്ടത്തിനെടുക്കുന്ന സർക്കാർ ഭൂമി വ്യവസ്ഥ ലംഘിച്ചുകൊണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും പാട്ടത്തുക വൻതോതിൽ കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുള്ളതിനാൽ ഇത്തരക്കാർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പല ആവശ്യങ്ങൾക്കായി പാട്ടത്തിനെടുത്ത സർക്കാർ ഭൂമി വ്യവസ്ഥ ലംഘിച്ചുകൊണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും, ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ പാട്ട കക്ഷികളെയും നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും നിയമലംഘനം നടത്തിയിട്ടുള്ള പാട്ട കക്ഷികളുടെ പാട്ടം റദ്ദ് ചെയ്യുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കു വരുത്താത്ത കക്ഷികളുടെ കുടിശ്ശിക റവന്യൂ റിക്കവറി ആക്ട് പ്രകാരം വസൂലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതുമാണ്. കൂടാതെ ബഹു. ധനമന്ത്രി 2019 ലെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം പാട്ടകുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിനായി ജി.ഒ(പി)നം. 16/2020/ആർ.ഡിയും ജി.ഒ(പി)നം. 17/2020/ആർ.ഡി പ്രകാരവും സർക്കാർ ഉത്തരവായിട്ടുള്ളതുമാകുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം ജില്ലാ കളക്ടർമാർ പാട്ടക്കുടിശ്ശിക തിട്ടപ്പെടുത്തി ആയത് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സാമൂഹ്യ സാംസ്കാരിക ആവശ്യങ്ങൾക്കായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുവദിക്കുന്ന ഭൂമിയുടെ പാട്ട നിരക്ക് എത്രയെന്ന് അറിയിക്കാമോ; | (ബി) നിലവിൽ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ 28.01.2016 തീയതിയിലെ ജി.ഒ (പി) നം. 64/2016/ആർ.ഡിയും, പഞ്ചായത്ത് പരിധിയിൽ 06.02.2016 തീയതിയിലെ ജി.ഒ (പി) നം. 96/2016/ആർ.ഡിയും പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവ സാമൂഹ്യ സാംസ്കാരിക സ്ഥാപനങ്ങളായി പ്രവർത്തിക്കുമ്പോൾ അവ 400 മീറ്റർ സ്ക്വയറിൽ താഴെയുള്ള ഭൂമിയാണെങ്കിൽ പ്രതിവർഷം കമ്പോളവിലയുടെ 0.5% നിരക്കിലും, 400 മീറ്റർ സ്ക്വയറിൽ കൂടുതലുള്ളവയ്ക്ക് പ്രതിവർഷം കമ്പോളവിലയുടെ 2% നിരക്കിലുമാണ് പാട്ട നിരക്ക് സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി സംബന്ധിച്ച് സൂക്ഷിക്കേണ്ട രേഖകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ; | (സി) | 1964 ലെ കേരള ഭൂപതിവ് ചട്ടത്തിലെ റൂൾ 22 പ്രകാരം പാട്ടം നൽകുന്ന ഭൂമിയെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഏതെല്ലാമെന്നും, ഏതെല്ലാം ആഫീസുകളിലാണ് സൂക്ഷിക്കേണ്ടതെന്നും അവ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധനയിലൂടെ ഉറപ്പ് വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ളതാകുന്നു. ടി വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട് 03.08.2018 ൽ ജി.ഒ (എം.എസ്) 276/18/RD നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഹാരിസൺ ഉൾപ്പെടെയുള്ള വൻകിട കുത്തകകൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി തിരിച്ചെടുക്കാൻ നടപടിയെടുത്തിട്ടുണ്ടോ? | (ഡി) | ഉണ്ട്. ഹാരിസൺ മലയാളം ലിമിററഡും സമാനമായ കമ്പനികളും കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി നിയമിതനായ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ പ്രസ്തുത കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി KLC Act പ്രകാരം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം തീർക്കുന്നതിനായി സർക്കാരിനോട് സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും ബഹു. കോടതി നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06.06.2019 ൽ സ.ഉ (കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കോട്ടയം ജില്ലയിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. മറ്റു ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**